ഉത്തരം

(എ) ഉണ്ട്

(ബി) അതോറിറ്റി നടത്തിയ പരീക്ഷകളെപ്പറ്റിയും പ്രസിദ്ധീകരിച്ച ലിസ്റ്റിനെപ്പറ്റിയുമാണ് ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളത്.

(സി) അതോറിറ്റി വിവിധ തസ്തികകളിലേക്കായി 115 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) അവയെപ്പറ്റി അന്വേഷിക്കാവുന്നതാണ്.

(ഇ) കേരള വാട്ടർ അതോറിറ്റി സ്വിവറേജ് ആക്ട് നിലവിൽ വന്നതിനു ശേഷം (4-8-1986) ആരെയും നിയമിച്ചിട്ടില്ല.

(എഫ്) നടപ്പിലാക്കി.

(ജി) ചോദ്യം ഉദിക്കുന്നില്ല.

മുനിസിപ്പൽ കോർപ്പറേഷൻ ഏരിയായിലെ തൊഴിൽ നികുതി

1400. [2120] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയേ മറുപടി നൽകുമോ :

(എ) മുനിസിപ്പൽ, കോർപ്പറേഷൻ ഏരിയായിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരുടെ തൊഴിൽ നികുതി നിശ്ചയിക്കുന്നതിനെറ മാനദണ്ഡമെന്താണ് ;

(ബി) അതിനു നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിനെറ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ അർദ്ധവർഷത്തെ അടിസ്ഥാന ശമ്പളമാണ് തൊഴിൽ നികുതി നിശ്ചയിക്കുന്നതിനെറ മാനദണ്ഡം. അതിനു നിശ്ചയിച്ചിട്ടുള്ള നിരക്ക് ഇപ്രകാരമാണ് :

1. 30,000 രൂപയ്ക്ക് മുകളിൽ അർദ്ധവാർഷിക വരുമാനമുള്ളവരിൽ നിന്ന് 125 രൂപ.
2. 24,000 രൂപയ്ക്ക് മുകളിൽ 30,000 രൂപയ്ക്ക് താഴെ 100 രൂപ.
3. 18,000 രൂപയ്ക്ക് മുകളിൽ 24,000 രൂപയ്ക്ക് താഴെ 75 രൂപ.
4. 14,400 രൂപയ്ക്ക് മുകളിൽ 18,000 രൂപയ്ക്ക് താഴെ 50 രൂപ.
5. 10,800 രൂപയ്ക്ക് മുകളിൽ 14,400 രൂപയ്ക്ക് താഴെ 37 രൂപ.
6. 7,800 രൂപയ്ക്ക് മുകളിൽ 10,800 രൂപയ്ക്ക് താഴെ 24 രൂപ.
7. 5,400 രൂപയ്ക്ക് മുകളിൽ 7,800 രൂപയ്ക്ക് താഴെ 15 രൂപ.
8. 3,600 രൂപയ്ക്ക് മുകളിൽ 5,400 രൂപയ്ക്ക് താഴെ 9 രൂപ.
9. 2,400 രൂപയ്ക്ക് മുകളിൽ 3,600 രൂപയ്ക്ക് താഴെ 6 രൂപ.

LIBRARY ARCHIVES Kerala Legislative Assembly